## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5995** — **09-07-2024 - ൽ മറുപടിയ്ക്ക്**

## ബാലുശ്ശേരി മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ ഇതുവരെ എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ 2022-23, 2023-24 കാലയളവിൽ 1999 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു. സംരംഭകവർഷം 2022-23 ന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കിവേണ്ട സഹായങ്ങൾ നല്കുന്നതിനായി Enterprise Development Executive-കൾ (EDEമാർ) എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റകളക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം എല്ലാ സംരംഭത്തിന്റെയും ജിയോടാഗ്ഗിങ്ങും നടപ്പിലാക്കി. ആരംഭിച്ച സംരംഭങ്ങൾ, പ്രവർത്തനരഹിതമായ സംരംഭങ്ങൾ എന്നിവയുടെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. |

**2022-23**

| Sl No | പഞ്ചായത്ത് | ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം 2022-23 | ആരംഭിച്ച സംരംഭങ്ങളിൽ പ്രവർത്തനരഹിതമായവ |
|---|---|---|---|
| 1 | അത്തോളി | 129 | 55 |
| 2 | പനങ്ങാട് | 138 | 34 |
| 3 | ഉണ്ണികുളം | 202 | 59 |
| 4 | കൊട്ടൂർ | 132 | 41 |
| 5 | കുരാച്ചുണ്ട് | 75 | 27 |
| 6 | ബാലുശ്ശേരി | 123 | 38 |
| 7 | ഉള്ളിയേരി | 137 | 35 |
| 8 | നടുവണ്ണൂർ | 120 | 38 |
| 9 | കായണ്ണ | 65 | 25 |
| | **ആകെ** | **1121** | **352** |

**2023-24**

| Sl No | പഞ്ചായത്ത് | ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം 2023-24 | ആരംഭിച്ച സംരംഭങ്ങളിൽ പ്രവർത്തനരഹിതമായവ |
|---|---|---|---|
| 1 | അത്തോളി | 97 | 16 |
| 2 | പനങ്ങാട് | 115 | 14 |
| 3 | ഉണ്ണികുളം | 133 | 18 |
| 4 | കൊട്ടൂർ | 97 | 11 |
| 5 | കൂരാച്ചുണ്ട് | 76 | 5 |
| 6 | ബാലുശ്ശേരി | 107 | 11 |
| 7 | ഉള്ളിയേരി | 101 | 5 |
| 8 | നടുവണ്ണൂർ | 102 | 13 |
| 9 | കായണ്ണ | 50 | 9 |
| | **ആകെ** | **878** | **102** |

സെക്ഷൻ ഓഫീസർ